**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1412** **07-02-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കിടയിൽ ലഹരി ബോധവത്ക്കരണ പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ സി ആർ മഹേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ വിദ്യാർഥികൾക്കിടയിൽ ലഹരി ഉപയോഗം വ്യാപിക്കുന്നത് തടയുന്നതിന്റെ ഭാഗമായി ലഹരി വിരുദ്ധ ബോധവൽക്കരണം പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥി കൾക്കിടയിൽ ലഹരി ഉപയോഗം വ്യാപിക്കുന്നത് തടയുന്നതിന്റെ ഭാഗമായി പല തലത്തിൽ, വിദ്യാഭ്യാസം, എക്സൈസ്, ആരോഗ്യം, പോലീസ് വകുപ്പുകൾ നടത്തിയ ഉന്നതതല ചർച്ചയിൽ ഈ വിഷയം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശമുണ്ടായിട്ടുണ്ട്.നിലവിൽ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ<br><br>പരിഷ്കരണത്തിന്റെ ഭാഗമായി ലഹരി പദാർത്ഥങ്ങളുടെ ദോഷ ഫലങ്ങളെ കുറിച്ച് അവബോധം ലഭ്യമാക്കുന്നതിനുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ബി) | സ്കൂളുകളിൽ നടത്തിവരുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ കാര്യക്ഷമമാക്കി ലഹരി വിരുദ്ധ മുന്നേറ്റത്തിന് പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് എല്ലാ സ്കൂളുകളിലും നടത്തിയ ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ തുടർച്ചയായി സംസ്ഥാനതലത്തിൽ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നതവിദ്യാഭ്യസ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ഹൈസ്കൂൾ, വൊക്കേഷണൽ, ഹയർസെക്കന്ററി തലങ്ങളിലെ കുട്ടികളെ ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ ലഹരി വിരുദ്ധ ശൃംഖല തീർക്കുകയും ലഹരി വിരുദ്ധ പ്രതിജ്ഞ നടത്തുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു<br><br>ലഹരി വിമുക്ത കേരളം എന്ന പരിപാടിയുടെ ഭാഗമായി അധ്യാപകർക്കുള്ള ശാക്തീ കരണത്തിനായി എൽ.പി, യു.പി, എച്ച്.എസ്.എസ് തലത്തിൽ മൊഡ്യൂൾ തയ്യാറാക്കുകയും |

| | | | |
|---|---|---|---|
| | | | സംസ്ഥാനതല പരിശീലനം എസ്.സി.ഇ.ആർ.ടി നൽകുകയും ചെയ്തു. രക്ഷാകർത്താക്കൾക്കുള്ള ബോധവൽക്കരണ ത്തിനുള്ള മൊഡ്യൂൾ തയ്യറാക്കിയിട്ടുണ്ട്. വായനക്കുള്ള അനുബന്ധ സാമഗ്രികളും തയാറാക്കിയിട്ടുണ്ട്. National Population Education Project ന്റെ ഭാഗമായി നടത്തിയ റോൾപ്ലേ മത്സരത്തിൽ പ്രധാനമായി ഈ മേഖല ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ, ഡി.ഇ.ഒ, ജില്ല, സംസ്ഥാനതല മത്സരങ്ങൾ നടത്തിയിട്ടുണ്ട്. |
| (സി) | സ്കൂൾ കുട്ടികൾക്ക് ഒഴിവ് സമയം ക്രിയാത്മകമായി ചെലവഴിക്കാനും അതുവഴി ലഹരിയിലേക്ക് വഴിമാറുന്നത് തടയാനും ഉതകുംവിധം ഹരിയാനയിൽ നടപ്പിലാക്കിയ സ്പോർട്സ് നഴ്സറികൾ സംസ്ഥാനത്തും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഹരിയാനയിൽ നടപ്പിലാക്കിയ സ്പോർട്സ് നഴ്സറികളെക്കുറിച്ച് വിശദമായി പരിശോധിച്ച ശേഷം തീരുമാനിക്കുന്നതാണ്. |
| (ഡി) | ലഹരിക്കെതിരെ സർക്കാരിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ സംഘടിപ്പിച്ച പദ്ധതിയുടെ ഭാഗമായി നൽകിയ ഉറപ്പിനെ തുടർന്ന്, ലഹരി മാഫിയയെക്കുറിച്ച് പോലീസിനെ അറിയിച്ച പെൺകുട്ടിയെയും അമ്മയെയും ലഹരി മാഫിയ ആക്രമിച്ചത് പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ലഹരിക്കെതിരെ സ്കൂളുകളിൽ സംഘടിപ്പിച്ച പദ്ധതിയുടെ ഭാഗമായി പോലീസ്, എക്സൈസ് എന്നിവരുമായി ചേർന്ന് ലഹരി മാഫിയയുടെ ആക്രമണം ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു പോരുന്നു |

സെക്ഷൻ ഓഫീസർ